little KITEs

# epen

E-Magazine

KADACHIRA HIGHER SECONDARY SCHOOL

सत्यमेव जयते

# ആമുഖം

വിവര സാങ്കേതിക വിദ്യയുടെ ആകാശത്തിൽ അറിവിന്റെ പട്ടം പറത്താൻ തയ്യാറാകുന്ന ലിറ്റിൽ കൈറ്റ്സ് . . . . അവരുടെ നിറഞ്ഞ പരിശ്രമത്തിന്റെ ഫലമായി നിർമ്മിച്ച ഈ മാഗസിൻ അറിവിന്റെയും കഴിവിന്റെയും പ്രവർത്തനങ്ങളുടെയും മികവു തന്നെയാണ്. മാറുന്ന ലോകത്ത് ഐ ടി സാധ്യതകളെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തി കുട്ടികളെ നേരായ ദിശാബോധത്തിൽ എത്തിക്കാൻ കഴിയുന്നു എന്നത് വിദ്യാഭ്യാസ വകുപ്പിന്റെ ഈ പദ്ധതിയുടെ ഏറ്റവും വലിയ സവിശേഷത തന്നെയാണ്. നല്ലതിനെ കൊള്ളുകയും, ചീത്തയെ തള്ളുകയും ചെയ്യേണ്ട ഒരു മേഖലയാണ് ഐ ടി. വരും തലമുറയെ അതിനു വേണ്ടി സജ്ജമാക്കുന്ന ശ്രമകരമായ ഒരു പരിശ്രമം തന്നെയാണിതെന്ന് നിസ്സംശയം പറയാം . . .

സ്റ്റാഫ് എഡിറ്റർ

e-magazine Kadachira High School

# ഉള്ളടക്കം


| നമ്പർ | കൃതി | എഴുതിയത് | പേജ് |
|---|---|---|---|
| 1 | ആമുഖം | | 1 |
| 2 | എഡിറ്റോറിയൽ ബോർഡ് | | 3 |
| 3 | പ്രാർഥന | മൃദുല വി എം | 4 |
| 4 | മറക്കുവാനാകില്ല | അഹല്യ സി | 5 |
| 5 | ഓർമ്മകൾ എന്നുമുണ്ട് കൂടെ | അഹല്യ സി | 5 |
| 6 | കോലങ്ങൾ | ഫാത്തിമത്തുൽ ലാമിയ | 5 |
| 7 | 2018 ന്റെ വേദന | അഞ്ജന വി കെ | 6 |
| 8 | പ്രകൃതി | മേഘ എ എം | 6 |
| 9 | ദൈവം എന്ന സത്യം | അനുശ്രീ കെ വി | 7 |
| 10 | നിന്റെ മരണം | പ്രജിഷ വി | 7 |
| 11 | ചോദ്യോത്തരങ്ങൾ | അഹല്യ സി | 7 |
| 12 | നിന്നോട് | അഹല്യ സി | 8 |
| 13 | ചോദ്യോത്തരങ്ങൾ | അഹല്യ സി | 8 |
| 14 | പ്രളയത്തിനുള്ളിൽ | അനശ്വര | 8 |
| 15 | എന്നിട്ടും . . . | മൃദുല വി എം | 9 |
| 16 | ഒരു കൊച്ചു പൂവിന്റെ രോദനം | മൃദുല വി എം | 10 |
| 17 | നീയും അവരും | അഹല്യ സി | 10 |
| 18 | മൗനം | മൃദുല വി എം | 10 |
| 19 | പ്രളയത്തിനപ്പുറം | മൃദുല വി എം | 11 |
| 20 | കർണ്ണികാരം പൂക്കുമ്പോൾ | റിസാൽ കെ സി | 11 |
| 21 | കിതാബുകൾ കരയുമ്പോൾ | മൃദുല വി എം | 11 |
| 22 | അർക്ക കാന്ത | അഞ്ജന വി കെ | 12 |
| 23 | കൗമാരത്തിലേക്ക് | ഫാത്തിമത്തുൽ ജുമാന | 12 |
| 24 | നഷ്ടം | ഹിബ കെ | 13 |
| 25 | തിരിച്ചറിവ് | ഇന്ദിവർ എസ് വിനു | 15 |
| 26 | സ്വപ്നം | അനന്തശ്രീ | 17 |
| 27 | കുറെ വൻകരകൾ ഒരു കടൽ | അഞ്ജന വി കെ | 18 |
| 28 | വഴി തെറ്റുമ്പോൾ | നിരഞ്ജന കെ | 19 |
| 29 | ബീച്ച് | ഭാവന ബാബു | 21 |
| 30 | ഏകാന്തത | അഹല്യ സി | 22 |
| 31 | മാമ്പഴക്കാലം | കൃഷ്ണ കിഷോർ | 23 |
| 32 | എന്റെ കുഞ്ഞിക്കോഴികൾ | ആരോമൽ സഞ്ജീവ് | 24 |
| 33 | വനദേവത | നന്ദന കെ | 26 |
| 34 | ചുവപ്പ് | കൃഷ്ണ കിഷോർ | 26 |
| 35 | THE SMALL FARMER | GAUTHAM SANTHOSH | 27 |
| 36 | THARUN AND VARUN | GAUTHAM SANTHOSH | 28 |
| 37 | WITHIN ME | KRISHNA KISHORE | 29 |
| 38 | കൃഷി ചൊല്ലുകൾ | തീർത്ഥന | 30 |
| 39 | ബഹിരാകാശത്തെ അറിയുമ്പോൾ | അഭിനവ് സഞ്ജീവ് | 31 |
| 40 | കുന്നത്തൂർപാടി യാത്ര | അനുശ്രീ | 33 |
| 41 | രാജ് ഘട്ട് | അഭിനവ് സഞ്ജീവ് | 34 |

## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : തീർത്ഥന എ

സ്റ്റാഫ് എഡിറ്റർ : സപ്ന പുരുഷോത്തമൻ

**അംഗങ്ങൾ**

ഫാത്തിമത് സാലിഹ

അഹല്യ സി

യദുപ്രിയ സി പി

ഗൗതം സന്തോഷ്

കൃഷ്ണ കിഷോർ

റിസാൽ കെ സി

ലസിത കെ (അധ്യാപിക)

മൃദുല വി എം (അധ്യാപിക)

## വിദ്യാലയ വന്ദനം

ആത്മ ചൈതന്യമുണർത്തി
വളർത്തുന്നൊരെന്റെ വിദ്യാലയമേ
അറിവിന്റെ തിരിനാളമണയാതെ
കാക്കുന്നോരെന്റെ വിദ്യാലയമേ
ഗുരുവര പൂജയിലാത്മപദം തേടി
അണയുന്ന പിഞ്ചു കിടാങ്ങൾ ഞങ്ങൾ
ജീവന്റെ പായ് വഞ്ചി തുഴയുമ്പോൾ
വഴിവിളക്കായി പാത തെളിക്കേണമേ
സകല കലകളും ജീവിതമൂല്യവും
പാഥേയമായ് തന്നനുഗ്രഹിക്കൂ

ബിജു കടയപ്രത്ത്

e-magazine Kadachira High School

# പ്രാർത്ഥന

മൃദുല വി എം

അറിവിന്റെ ദീപങ്ങൾ തെളിയുന്ന നേരം
ഇരുളാം ദുഃഖങ്ങൾ അണയുന്നു വേഗം
മനമാകെ നിറയുന്ന പുതുനന്മ ചിന്ത
തിളങ്ങട്ടെ ജ്വാല സർവ്വ പ്രഭയാൽ
തിന്മതൻ കാറൊക്കെ ഒഴിയട്ടെ വേഗം
നന്മതൻ വെൺമേഘ ദിവ്യപ്രഭയാൽ
ദൈവമേ നിൻ പാദവെൺതാരിതളിൽ
കുനിയുന്ന നേരം വെടിയുന്നു ദുഷ്ചിന്തയെല്ലാം
നന്മ വരുത്തുക ഉയരത്തിലെത്താൻ
തിന്മ തിരുത്തുക ജ്ഞാനപൊരുളാൽ
അറിവിന്റെ ആകാശമെത്തിപ്പിടിക്കാൻ
അണയാതെ കാക്കുക അകതാരിൻ ശുദ്ധി
പൊലിയാതെ കാക്കുക നന്മതൻ ദീപം

e-magazine Kadachira High School

## ഓർമ്മകൾ എന്നുമുണ്ടുകൂടെ

**അഹല്യ സി**

കാലമെന്നെ തനിച്ചാക്കിയാലും
നിന്നോർമകൾ എന്നുമുണ്ടു കൂടെ
ഒരായിരം സ്വപ്നങ്ങൾ നെയ്തുകൂട്ടി നാം
ഒരു ചില്ലുകൊട്ടാരം പോൽ തകർന്നു വീണു
ചന്ദ്രികയില്ല രജനിപോലിന്നെൻെറ
ജീവിതം
തീരാത്ത നോവാണ് നീയും നിൻ
മൊഴികളും
ഉഷസ്സിൻെറ  കിരണങ്ങൾ നീയായിരുന്നു
ഇന്ന് നീ നോവായ് മാറിടുന്നു
ഒരു നോക്കു കാണുവാൻ, ഒരു വാക്കു
മിണ്ടുവാൻ
സാധ്യമല്ലാത്ത സ്വപ്നങ്ങളാണിന്നു നീ
എന്നെങ്കിലും നാം കാണുമോ വീണ്ടും
അറിയാതെ വിതുമ്പുന്നു ഞാൻ.

## <u>മറക്കുവാനാവില്ല</u>

**അഹല്യ സി**

പുതിയ വാതിലുകൾ എനിക്കുമുന്നിൽ
തുറന്നിടുന്നു
അറിവുതൻ ജ്വാലകപ്പുള്ളികൾ
മൊഴിഞ്ഞിടുന്നു
"അറിവിൻ വാതിലുകൾ ഏറെയുണ്ട് വേറെ
നിനക്കു മുന്നിൽ തുറന്നു വയ്ക്കാൻ"
മറക്കുവാൻ ആവില്ലോരിക്കലും നിങ്ങളെ
ജനനി തൻ സ്ഥാനത്തു നിന്നതല്ലേ......
ജീവിതമെന്നൊരു വേദപുസ്തകത്തിൽ
അനുഭവങ്ങളാം താഴകൾ നിറച്ചതാണ്
നിന്നോർമ്മകൾ
ണറക്കുവാൻ ആവില്ലൊരിക്കലും നിങ്ങളെ
ജനനി തൻ  സ്ഥാനത്തു നിന്നതല്ലേ.....

## കോലങ്ങൾ

ഫാത്തിമത്തുൽ ലാമിയ കെ കെ

വൃദ്ധസദനങ്ങളിൽ പെരുകുന്നിതാ
പാവം വൃദ്ധരാം പട്ടിണിക്കോലങ്ങൾ
കൈകൾ പിടിച്ചിടാൻ മക്കളില്ല
ഉണ്ണാനുമുടുക്കാനുമൊന്നുമില്ല

പാവമഗതികൾ കേണിടുന്നു, മക്കളേ,
യോർത്തിന്ന് ഏങ്ങിടുന്നു
മക്കളും പേരക്കിടാങ്ങളും
ഒന്നിച്ച് കാലം കഴിക്കാൻ കൊതിച്ചിടുന്നു.

ഓർക്കുക മക്കളെ ആ വയറ്റിൻ ചൂട്
ഏറ്റുക്കിടന്നുള്ളരാന്നാളുകൾ
ഓർക്കുക മക്കളെയച്ഛന്റെ വാത്സല്യ
സ്നേഹത്തിൻ തണലേറ്റ് ജീവിച്ചതും

വാക്കുകൾകൊണ്ടും പഴിക്കരുതേ
ഒരുനോക്കുപോലും തളർത്തരുതേ
അവരുടെ സ്നേഹമതില്ലായെങ്കിൽ
നിങ്ങളൊക്കെവെറും ചാപിള്ളകൾ

# 2018 ന്റെ വേദന

**അഞ്ജന വി കെ**

2018 പോകുന്നു,
പിരിയുവാൻ മോഹമില്ലെങ്കിലും മർത്ത്യാ...
സമയമിതു കേവലം ബാക്കിയായ്-
നിൽക്കവേ അടരുന്നുവെന്നിൽ നിന്നീ
പതിനെട്ടും!
പുണരുവാനാവാതെ
നോക്കിനിൽക്കുന്നൊരീ-
-ഒന്നിന്റെ വേദനയാരു കാണുന്നു
പ്രളയമുപഹാരമായ് തന്നതിനാലോ,
നിപ കൊണ്ടു വന്നു മിഴിനനയിച്ച
കൊണ്ടോ
എന്റെ മൃതവേളയിൽ
നിങ്ങളാഘോഷത്തിൻ
-ലാത്തിരിപൂത്തിരി വിരിയിച്ചത്
യാത്ര ചൊല്ലു നിങ്ങളാമോദമോടെനി-
-ക്കന്ത്യാഞ്ജലികളർപ്പിച്ചു........
അടിതെറ്റി വീഴുമ്പോഴും പത്തൊൻമ്പതേ -
നിന്റെ നന്മയ്ക്ക് വേണ്ടി ഞാൻ
പ്രാർത്ഥിച്ചിടാം

# <u>പ്രകൃതി</u>

**മേഘ എ എം**

പ്രകൃതിയായ അമ്മേ
നീ ലോകത്തെ സൃഷ്ടിച്ചു
മനുഷ്യനെ സൃഷ്ടിച്ചു
മരങ്ങളെ സൃഷ്ടിച്ചു
നമ്മുടെ ജീവിതം നീയായ് നിറയുന്നു
നിന്റെ തലോടലിൽ ഞാൻ ഉറങ്ങുന്നു
നിന്റെ കയ്യിൽ നിന്ന് ഞാൻ ഉണരുന്നു
നിന്റെ സ്നേഹത്തെ അറിയുവാൻ ചിലർ
വൈകുന്നു
നീ അറിഞ്ഞില്ലേ , നീ അറിഞ്ഞില്ലേ
നിന്നോട് ചെയ്യുന്ന തെറ്റുകൾ
നിന്റെ സ്നേഹത്തേയും നിന്റെ
ക്രോതത്തേയും
ചിലർ അറിയുന്നില്ല
മാനത്തിന്റെ ഇരുളുകളിൽ നിന്ന്
കാർമേഘമല്ലാത്ത കരിമ്പുക ചുരുളുകൾ
കാറ്റിനെ യൊന്നു മണത്തുനോക്കു
സ്നേഹത്തിന്റെയും സമാധാനത്തിന്റേയും
ഗന്ധം
നീ ജഗത്ത് ജനതിയാണ്
നീ നമ്മുടെ സൃഷ്ടിയുടെ അമ്മ
സൃഷ്ടിയുടെ അംഗകളത്തിൽ നിന്ന് നീ
പോരാടൂ,
നീ കാണുന്നില്ല നിന്നോട് ചെയ്യുന്ന
കർമങ്ങൾ
ഏ സ്നേഹമാതാവേ
നീ ഭൂമിയെ കാക്കണേ

## ദൈവം എന്ന സത്യം

**അനുശ്രീ കെ വി**

വിശക്കുന്നവന് അന്നമാണ് ദൈവം
കരയുന്നവന് തെന്നലിൻ തലോടലാണ്
ദൈവം
സ്നേഹികുന്നവർക്ക് വിശ്വാസമാണ്
ദൈവം
മനസ്സിന്റെ നന്മയാണ് ദൈവം
മനസ്സ് പവിത്രമായാൽ എല്ലാവരിലും
ദൈവം കുടികൊള്ളും
അറിയുന്തോറും കൂടുതൽ അടുക്കാൻ
തോന്നുന്ന
സത്യമാണ് ദൈവം
അറിവിന്റെയും വിശ്വാസത്തിന്റയും
ഉറവിടമാണ് ദൈവം
ദൈവം എയിടത്തും ഉണ്ട്
മനുഷ്യർ വേർതിരിച്ച മതങ്ങളിലൂടെ
ഉണ്ടായതാണ് ദൈവം

## നിന്റെ മരണം

**പ്രജിഷ വി**

മരണശയ്യയിൽ കിടന്നു നീയെന്റെ
നയനങ്ങളെ നിർവികാരമായി നോക്കവേ
നിസ്സഹായായി വിതുമ്പി ഞാനാ -
കാൽപദങ്ങളിൽ കുമ്പിടുന്നു .
ആ നിമിഷം എന്നിലേക്കൊരായിരം
സാന്ത്വന പുഷ്പങ്ങൾ ഉതിരുമ്പോൾ
നിന്നിലേക്കർപ്പിക്കുവാൻ മാത്രമായി
ശേഷിച്ചൊരെന്നാശ്വാസ
വാക്കുകളൊക്കെയും
കണ്ണുനീർ ധാരാളമായി  നിന്റെ
പാദങ്ങളെ കഴുകുന്നു .
വിതുമ്പുന്ന ചുണ്ടുകൾ കഴുകുന്നു
നിന്റെ വിറയാർന്ന വിരലുകളെന്റെ
അളകങ്ങളെ തഴുകുമ്പോൾ

e-magazine Kadachira High School

# നിന്നോട്

**അഹല്യ സി**

നിന്നോടെനിക്കുള്ള സ്നേഹം,
ആരോടുമോതാതെ ഉള്ളിലടക്കിയസ്നേഹം
ആരോ പറഞ്ഞറിഞ്ഞു നീ വരുമ്പോൾ
എനുള്ളം പിടയുന്നു, നീ വരുമ്പോൾ
ഉള്ളിലടക്കിയ സ്നേഹം തുറന്നു,
ഊതിപറത്തിയ അപ്പൂപ്പൻതാടിപോൽ
അലയുന്ന എൻമനം, എൻമനം
നിന്നോടെനിക്കുള്ള സ്നേഹം,
ഇന്നു നീ അറിയുന്നുവോ
നീ അണയുന്നുവോ
എന്നരികിൽ, എന്നരികിൽ........

# ചോദ്യോത്തരങ്ങൾ

**അഹല്യ സി**

ആരോ പിരിഞ്ഞതിൻ വേദന,
ഞാൻ അറിയും നേരത്തു നീ ചാരെ,
വന്നു നിന്നു .
ഹൃദയത്തിൽ കൊണ്ടൊരാ മുള്ളുകൾ
പറിച്ചെടുത്തു നീ.
എന്നുമെന്നൊപ്പം ബന്ധുവായ്,
സഹയാത്രിയായ് നിന്നു നീ.
ആരു നീ , എന്നു പലരും ചോദിക്കവേ
ചൊന്നു ഞാൻ നീ എൻ മിത്രം
നീ..... എൻ മിത്രം .
നാം തമ്മിലുള്ളൊരാ ബന്ധമത്രേ
എന്നു ചോദിക്കവേ
ചൊന്നു ഞാൻ സൗഹൃദയം, സൗഹൃദം

# പ്രളയത്തിനുള്ളിൽ

**അനശ്വര**

എന്തിനു പൊഴിഞ്ഞു നീ കാലവർഷമേ
കാലൻ കെടുതിയിൽ ഞങ്ങളെ
ഏൽപ്പക്കാവാനോ
പുഴയെന്തിനാണീ മുഴ ഭ്രാന്തു പേറി
എങ്ങോ വഴിതെറ്റി പാഞ്ഞു പോകുന്നു
കണ്ടോ കരിമുകിലെ നിങ്ങളും
ഞങ്ങൾ ഇന്നും കഴിയുന്നതെങ്ങനെയെന്ന്.
ഓടികിതച്ചൊന്നു ചെല്ലാൻ
മാനംമറച്ചൊന്നിരിക്കാൻ
ഞങ്ങൾക്കുമുണ്ട് ആഗ്രഹം
നിങ്ങൾ അതുകൂടി അറിവൂ....
പോയീ വഴിതെറ്റിയെങ്ങോ
കാലവർഷകെടുതിയിന്നെങ്ങോ....
മഴവന്നു പ്രളയത്തിലാഴത്തി
അതു മെല്ലെ മാഞ്ഞുപോയി
എന്നിട്ടുമെന്തെ ഈ നാടിങ്ങനെ
ഒന്നു നോക്കു...നിങ്ങൾ തിരിഞ്ഞുനോക്കൂ
കുന്നിൻ ചെരുവില്ല വൃക്ഷതലപ്പില്ല
റോഡില്ല വീടില്ല കാടുമില്ല.
കരിമേഘമെന്തിനാ വിടവാങ്ങിയെ
എനിപോകാൻ നമ്മുക്കൊരിടവുമില്ല
നിങ്ങൾ നെറു ൽ ഏന്തിയ സങ്കടം
എന്തേ നമ്മുക്കായി പങ്കുവച്ചു
ഇന്നും പ്രളയകെടുതിയിൽ
ഞങ്ങൾ തീരാത്ത ദുഃഖം ഏന്തിടുന്നു...
ചൊല്ലിഴകിയ കഥപോലെ
കേൾക്കുവാനാണിന്നും ഇഷ്ടം
കണ്ടാൽ ഭയാനകം
കേട്ടാൽ കുസൃതിപ്പോൽ
അലസമാടുന്ന ഭൂമി
അതിനുള്ളിൽ
ഹരിതാർഭമേകുന്നമധുപോലെ
നിറയുന്നതാണ് ഈ കേരളം.



e-magazine Kadachira High School

# എന്നിട്ടും

മൃദുല വി എം

അന്ന് ഒരു സായഹ്നത്തിൽ  വർണമഴവില്ല് ചാർത്തിയ കടയിൽ

തിരഞ്ഞെടുത്തതിൽ വീണ്ടും തിരയുമ്പോൾ

നീക്കി വക്കുമ്പോൾ,നീയെന്നെ തെറ്റിദ്ധരിച്ച

അപമാനിച്ച . . പുതിയൊരു കളങ്കവും 'നീ കളവുനടത്തിയവൾ'

തെറ്റ ചെയ്തില്ലെന്നാർത്തു കേണ .. നിനക്ക് പറയാൻ കൂർത്തനാവ്

കനലിനേക്കാൾതീഷ്ണനോട്ടം .. മാനാഭിമാനത്തിൻ ക്ഷതമേറ്റ

നേരം ശിരസ്സകുനിച്ച നിസ്സഹായത; അപമാനം-

ഒന്നു കേൾക്കൂ  ഞാൻ പറയട്ടെ

സത്യമിതാണ് ... നീ പറയണ്ട ... ആക്രോശം

തനിച്ചായിരുന്നു ...ആരും കൂട്ടിനില്ലാത്തതെന്റെ തെറ്റ്

ചോര ഹൃദയം പിളർന്നൊഴുകുന്നതും

ശിരസ്സ് തണുത്തുറഞ്ഞതും  അറിഞ്ഞ് ആദ്യമായി .

എവിടെയും  വീറോടെ പൊരുതിയിട്ടേയുള്ളൂ .

ശരികൾ തിരിച്ചറിഞ്ഞിട്ടേയുള്ളൂ .

മുഖത്തേക്ക് തെളിഞ്ഞ രൂക്ഷ വെളിച്ചത്താൽ

തെളിവുകൾ കരുക്കളായ് ശേഖരിച്ചപ്പോൾ

അപ്പൂപ്പൻ താടി പോലെശൂന്യതയിലേക്ക്  .............



e-magazine Kadachira High School

## ഒരു കൊച്ചു പൂവിന്റെ രോദനം

**മൃദുല വി എം**

ഒരു കൊച്ചു പൂവിന്റെ രോദനം കേൾക്കാൻ
സന്ധ്യയും കാത്തു നിന്നു
അസ്തമയത്തിലും ജഡമായ് തീർന്ന വേദന
കേട്ടവൾ ഞെട്ടിത്തെറിച്ചു നിന്നു .
അകലെ വിദൂരത്തിൻ  കാത്തിരിക്കും
സാന്ധ്യതാരത്തെ നി മറന്നോ
ചക്രവാളത്തിൽ നിയും മറയും
നിലാവും പിന്നിലാകവെ
സ്വർണ്ണ  ഉദയമാകും നിറശോഭയാൽ
പൂക്കൾ ഉണരുമി നിയമാവലി
നിന്റേതു മാത്രം

## മൗനം...

**മൃദുല വി എം**

മരണത്തിന്റെ ഇടവഴിയിൽ...
മൗനം നിസ്സഹായതയുടെ തുരുത്തിൽ...
പിന്നെ മനസ്സ് നഷ്ടമാകുമ്പോൾ...
ഒടുവിൽ വാത്മീകം പൊട്ടിച്ച്
മൗനം കരയുമ്പോൾ മഞ്ഞുറഞ്ഞ മനസാം
മഹാ പർവ്വതങ്ങൾ...
...ഉരുകിയൊലിച്ചലയാഴിയായ്

## *നീയും അവരും*

***അഹല്യ സി***

പ്രളയാഗ്നിയിൽ ഉരുകുന്ന കേരളമേ
നിന്നെയീവിധം തളർത്തിയതെങ്ങനെ?
ഓർക്കുന്നു ഞാനിന്നു പഴയ നിന്നെ
പച്ചപ്പരവതാനിയായിരുന്നു നീ
ഭൂമിതൻ  മാനസപുത്രി നീയേ
പൂനിലാവിൻ ഹൃദയത്തിലായ്
ഒഴുകുന്ന പുഴയുടെ അമ്മ നീയേ
പെരിയാറിനാൽ തണുത്തനിൻ മേനിമേൽ
കുറിഞ്ഞികൾ പൂത്തുലഞ്ഞു നിന്നു
ഒരു കൊച്ചുബാലികയായിരുന്നു നീ
മനുഷ്യൻ നിന്നെ
പ്രളയത്തിലേക്കായി തള്ളിവിട്ടു.
പ്രളയത്തിൻ കരങ്ങളിൽ പെട്ടു നീ
നിൻ മടിയിലായ് മനുഷ്യരും
ഉറങ്ങുന്ന അവരെ പ്രളയം
ഉണർത്തിയപ്പോൾ
നീ ആകെ പ്രളയത്തിൽ  മുങ്ങുകയായിരുന്നു
മനുഷ്യൻ ജാതിമത ഭേദമന്യേ
ഒരു കുടക്കീഴിൽ നിദ്രയിലാണ്ടു.
അവർ തന്നെ നിന്നെ ജീവിതത്തിലേക്കായ്
മടക്കുവാൻ പിടയുന്നു, തുഴയുന്നു
നീ ഉയർത്തെഴുന്നേറ്റ് പഴയ നീയാകും
ഭാവുകങ്ങൾ, എന്റെ ഭാവുകങ്ങൾ

## പ്രളയത്തിനപ്പുറം

**മൃദുല വി എം**

ഭൂതകാലം സന്തോഷമഴകൾ പൊട്ടിച്ചിരിച്ച്
ഒഴുകിപ്പോയി
അന്ന് കുന്നുകളും പുൽമേട്ടുകളും
ആർത്തിയോടെ സ്നേഹത്തിൻറെ
മഴനീരുകളെ നക്കിതുടച്ചിരുന്നു
ഇളങ്കാറ്റിൽ മരച്ചില്ലകൾ നന്മയുടെ മഴകളെ
പിന്നെയും പിന്നെയും
ഉതിർത്തുകൊണ്ടേയിരുന്നു
പിന്നെ പ്രണിത പ്രയാണത്തിൽ
അപവാദത്താൽ
ഇടിഞ്ഞു നീല കുന്നുകൾ ശത്രുത
ഞെരുക്കിയുർത്തിയ കെട്ടിടകാട്ടുകൾ
കുത്തുവാക്കുകളാൽ തിങ്ങിയ പുങ്കാറ്റുകൾ
നേർവരയായ് സന്തോഷത്തിൻറെ
മഹാനദികൾ
പിന്നെ ഒരിടിമുഴക്കം
ആർത്തലച്ച കൂർത്ത വാക്കുകളാം കരിമഴ
ദുഃഖത്തിൽ അണപൊട്ടിയ
ക്രൌര്യത്തിൻറെ പത്തനക്കാട്ടുകൾ
മനസ്സിനെ വേരോടെ പിഴുതൊലിപ്പിച്ചു
കളഞ്ഞു
കഴുത്തറ്റം പൈശാചിക ശ്വാസംമുട്ടിച്ചു
കൊല്ലാനൊരുങ്ങവേ
നോഹയുടെ പെട്ടകം പോലെ
ഒരു വിരൽതുമ്പ് സാന്ത്വനത്താൽ
കൈപിടിച്ചുയർത്താൻ
അപ്പോൾ നിന്നെ
ഭയപെടുത്തിയവരൊക്കെയും
പ്രളയത്തിനപ്പുറത്തേക്ക്
മുങ്ങിത്താഴുകയായിരുന്നു

## കർണികാരം പൂക്കുമ്പോൾ

**സുമ മഹേഷ്**

എവിടെയും മിഴിതുറന്നു പുഞ്ചിരിപ്പൂ
കർണികാര പൂവുകൾ കനലായ് തപിച്ചിടും
ഭൂവിന്റെ കനവായ് ലാവണ്യമായ്....
ഇലപൊഞ്ഞൊരു ശിഖിരങ്ങൾ തോറും
ഇടതുർന്നു തിങ്ങിയങ്ങനെ
ഇടപോലും  വിട്ടുപോകാ-
ദളങ്ങളായ് മുകുളങ്ങളായ്
ഉപരി ലോക സീമയിൽ പൊട്ടിയടർന്നു
പതിച്ചിടും
സൗന്ദര്യമാം  ജലധാര പോൽ
അഞ്ചിതൾ വൃത്തങ്ങളിൽ
വിരുതോട് കൊളുത്തിയ പ്രതീക്ഷയായ്
ജ്വലിച്ചിടും
കോടി ദീപ മാല പോൽ
എവിടെയും  മിഴി തുറന്ന് പുഞ്ചിരിപ്പൂ
കർണ്ണികാരപ്പൂവുകൾ .....

## ...കിതാബുകൾ കരയുമ്പോൾ...

**മൃദുല വി എം**

അതെ അവർ മഴയാകാൻ
കറുത്ത മേഘങ്ങളായിരുന്നിട്ടും...
പെയ്യാൻ കഴിഞ്ഞില്ല...
പക്ഷേ ആകാശത്തിൽ നിന്ന്
അവർ ഇടിമുഴക്കമായ് മാറുമ്പോൾ
ഭൂമിയിൽ പലരുടെയും
മനസ്സിന്റെ കിതാബിൽ
മിന്നൽ വെളിച്ചം കത്തിച്ച്
കണ്ണീർ കണങ്ങൾ
കുറച്ചെങ്കിലും ചിതറിച്ചില്ലേ.....

e-magazine Kadachira High School

## അർക്ക -കാന്ത

അഞ്ജന വി കെ

*അർക്കനാപ്പൂവിനെ ചുംബിച്ചവേളയിൽ-*
*വദനം ഉയർത്തുമീ നീയെത്ര സുന്ദരി*
*കാറ്റൊന്നു മെല്ലെ തഴുകുമ്പൊഴും പൂവേ....*
*കണ്ടു ഞാൻ നീയൊന്നു നാണിച്ചു നിന്നതും*

*നിൻ മുഖം വാടിയതെന്തിനോ പുഷ്പമേ*
*കാറ്റും , മഴയും ശകാരിച്ച കൊണ്ടോ?*
*ആ വെയിൽ കൊണ്ടു നിന്നെപ്പഴിച്ചപ്പോൾ*
*നിന്നെ ശിരസു കുനിഞ്ഞതു കണ്ടു ഞാൻ*

*വീണ്ടും കിനാവിലാ അർക്കനേ കണ്ടു നീ ..*
*രാവിന്റെ മഞ്ഞു കണങ്ങളാൽ ഞെട്ടി*
*പോൽ...........*
*ദൂരേക്കു നോക്കൂ.. നിൻമിഴികളുയർത്തുവിൻ ,*
*ചാരത്തു വന്നിട്ടും അർക്കന്റെ കിരണവും ;*

*മാറത്തു വന്നു പതിക്കുന്ന വേളയിൽ*
*നിന്നേ പ്പുണർണാമോദിച്ച നിമിഷവും ;*
*നീ ഒന്നു മിണ്ടുവാൻ കാത്തൊന്നു*
*നിന്നെപ്പോ*
*ളൊരു വാക്കു മിണ്ടാതെ*
*യാത്രയായിനിന്നവൻ.........*

*ആ ഞെട്ടുതന്നിൽ നീ അറ്റു വീഴുമ്പൊളാ*
*ഭൂമിതൻ മാറത്ത് നീ മൃതയായപ്പൊളൊന്നു*
*കരയാതെ അർക്കന്റെ അശ്രുക്കൾ സാഗരം*
*തന്നിലായ് പൊത്തി മറച്ചതും...*

## *കൗമാരത്തിലേക്ക്........*

*ഫാത്തിമത്തുൽ ജുമാന എം വി*

ബാല്യത്തിന്റെ ചില്ലകളിൽ പിടിച്ചു ഞ്ഞുങ്ങുമ്പോൾ
അസൂയ പൂണ്ട കൗമാരം എന്നെ തട്ടി വിളിച്ചു !
കൂട്ടുകാരുമൊത്ത് ഓടിച്ചാടി നടന്നതും ,
അപ്പുറത്തെ മാവിൽ കയറി മാങ്ങ പറിച്ചു
തിന്നതും,
എല്ലാം എൻ ഓർമ്മ മാത്രം!

കൂട്ടുകാരുമൊത്ത് വിദ്യാലയപടി ചവിട്ടുമ്പോൾ
അറിഞ്ഞില്ല കൗമാരം എൻ പിന്നിലാണെന്ന് !
പെട്ടെന്നൊരിക്കൽ കൗമാരം കടന്നുവന്നപ്പോൾ ,
എന്നിഷ്ടയാം ബാല്യമെങ്ങോ മാഞ്ഞുപോയി.
ഇപ്പോൾ ബാല്യമെൻ ഓർമ്മ മാത്രം .......!

# നഷ്ടം

ഹിബ കെ

അമ്മയുടെയും അച്ഛന്റെയും ഓമന. ചോദിക്കുന്നതെന്തും തരുന്നതുകൊണ്ടാണോ എന്നറിയില്ല. അമ്മയും അച്ഛനേയും അവൻ ഒരുപാട് സ്നേഹിച്ചിരുന്നു. അച്ഛൻ ഒരു പോലീസ് ഓഫീസറായിരുന്നു സത്യസന്ധതയാണ് മരണത്തിന്റെ കരങ്ങളിൽ അദ്ദേഹം എറിയപ്പെട്ടതിന് കാരണം.

ഗ്രാമത്തിൽ വളരുന്ന അവൻ പട്ടണം കാണണം എന്ന് ആവിശ്യം പ്രകടിപ്പിച്ചപ്പോൾ അരുമയായ മകന്റെ ആഗ്രഹം മതാപിതാക്കൾ പൂർത്തിയാക്കാൻ തുനിഞ്ഞു.പട്ടണം ചുറ്റിക്കണ്ട് തിരിച്ച വരും വഴി ശത്രുക്കളുടെ തോക്കിൻ മുനയിൽ പിടഞ്ഞു വീഴുന്ന മാതാപിതാക്കളെ അവൻ കണ്ടു ഔദ്യോഗിക ബഹുമതികളോടെ അച്ഛന്റെ ശവസംസ്കാരം കഴിഞ്ഞു അമ്മയുടെയും അച്ഛന്റെയും മരണം അവനെ ആകെ തളർത്തി പിന്നീട് ആ ഭയാനക ദ്രശ്യങ്ങളിൽ നിന്നും അവനെ മുക്തമാക്കിയത് അപ്പൂപ്പന്റെയും അമ്മൂമയുടെയും സ്നേഹവാത്സല്യങ്ങളാണ് എട്ടാം വയസ്സിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട അവൻ സഹതാപരംഗങ്ങളാൽ ചുറ്റിവരിയപ്പെട്ടു അനാഥത്വം എന്തെന്ന് പതിയെ അവൻ തിരിച്ചറിഞ്ഞു എന്നാലും അത് അവൻ നിസ്സാരമാക്കി

ഉണ്ണി......... അമ്മൂമ്മ നീട്ടി വിളിച്ചു

പഴയകാല സ്മരണകളിൽ നിന്ന് അവൻ ഞെട്ടിയുണർന്നു ഉണ്ണി എന്ന വിളി അത് കെൾക്കുമ്പോൾ ഒരു ആഹ്ലാദമായിരുന്നു കിഷോർ എന്ന പേരുണ്ടായിട്ടും ഉണ്ണീ എന്നു വിളിക്കുന്നത് അവൻ ഇഷ്ടപെട്ടു പതിയെ പതിയെ ഉണ്ണീ എന്ന പേരിനെ അവൻ വെറുത്തു കാരണം അപ്പൂപ്പനും അമ്മൂമ്മയും അവന്റെ ഭാവിയെ കുറിച്ചോർത്ത് പട്ടണത്തിലെ ഹോസ്റ്റലിൽ ചേർത്തു ആദ്യം ആദ്യം അവധിക്കായി കാത്തിരുന്നു വീട്ടിലേക്കു വരുമായിരുന്നു പയ്യെ പയ്യെ അത് ഇല്ലാതായി പൂർണമായും ഹോസ്റ്റൽ ജീവിതം അവനെ പാടെ മാറ്റി മറിച്ചു കൂട്ടുകെട്ടുകൾ അവനെ അവനല്ലാതാക്കി.

e-magazine Kadachira High School

ഇന്ന് അവൻ വയസ്സ് 19. കിഷോർ എന്ന മോഡേൺ പേര് കിച്ചു എന്നാക്കി കൂട്ടുകാർ വിളിച്ചു

പാതി രാത്രി സമയം ഏകദേശം 12:30 റോഡിൽ പോലീസ് ചെക്കിങ് ബൈക്കിൽ പാഞ്ഞു വന്ന ഹോസ്റ്റൽ വിദ്യാർഥികളെ അമിതമായി മദ്യപിച്ച് വാഹനമോടിച്ചതിന് കേസെടുത്തു പോലീസ് കസ്റ്റഡിയിലെടുത്തു അവർ, കിച്ചുവും കൂട്ടുകാരും ജാമ്യം ലഭിച്ച കിച്ചുവിനെയും കൂട്ടുകാരെയും കാണുന്ന കിച്ചുവിന്റെ അച്ഛന്റെ പരിചയക്കാരൻ കോൺസ്റ്റബിൾ ദാസൻ ഗ്രാമത്തിൽ കിച്ചുവിന്റെ വീട്ടിലെത്തുന്നു

ലക്ഷ്മിയേ...........

കിച്ചുവിന്റെ അമ്മൂമയെ കാര്യം ധരിപ്പിച്ച് കോൺസ്റ്റബൾ മടങ്ങുമ്പോഴും തന്റെ കൊച്ചുമോനെ വിശ്യസിക്കുന്ന അമ്മുമ അവൻ വഴിതെറ്റിലെന്ന് വാദിച്ചു.

2 മാസം പിന്നിടുന്നു വീണ്ടും കിച്ചു പോലിസിന്റെ പിടിയിലായിരിക്കുന്നു. കൂട്ടുകാരും കൂടെയില്ല. ചതിക്കപ്പെട്ടു എന്ന് കിച്ചു തിരിച്ചറിഞ്ഞിരുന്നു പക്ഷേ സമയം വൈകിപ്പോയി കഞ്ചാവുകേസിൽ പിടിയിലായ അവന് മേൽ മർദനങ്ങളുടെ പേമാരിയായിരുന്നു

കൂട്ടുകാരുടെ കുറ്റവും തന്റെ മേൽ ചുമത്തപ്പെട്ടിരിക്കുന്നു എന്നറിഞ്ഞ അവൻ കണ്ണീരിന്റെ ആഴക്കടലിൽ മുങ്ങിത്തായുക്കയായിരുന്നു.

പണത്തിന്റെയും പ്രശസ്തിയുടേയും പേരിൽ കൂട്ടുകാർ രക്ഷപ്പെട്ടപ്പോൾ ബന്ധുബലം പോലുമിലാത്ത കിച്ചു മുഴുവൻ കുറ്റങ്ങളുടേയും ഭാരം ചുമക്കേണ്ടി വന്നു

പോലീസ് കസ്റ്റഡിയിൽ യുവാവിന് മരണം എന്ന പത്രവാർത്തയിൽ കൊച്ചുമകന്റെ ഫോട്ടോ കണ്ട ലക്ഷമിയമ്മ സ്വന്തം ഉണ്ണിയുടെ മൃതുദേഹം ഒരു നോക്കുകണാനായി പോലീസ് സ്റ്റേഷനിലെത്തി ഉണ്ണിയുടെ ആ മുഖം കണ്ട അപ്പൂപ്പൻ കഞ്ചാവിനെതിരെ പറയുന്ന തന്റെ തന്നെ കൊച്ചുമകനെ ആ അവസ്ഥയിൽ കണ്ടതും ജീവൻ വെടിഞ്ഞു.

പലരുടെയും തെറ്റിന് നഷ്ടപ്പെട്ടത് രണ്ടു ജീവനുകൾ ഇന്ന് ആ അമ്മൂമ്മ തിരിച്ചറിയുന്നു വഴിതെറ്റുന്നു എന്നല്ല വഴിതെറ്റി എന്ന്



e-magazine Kadachira High School

# തിരിച്ചറിവ്

**ഇന്ദീവർ എസ് വിനു**

ഒരു ദിവസം ഞാനും എന്റെ അനിയത്തിയും വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. സന്ധ്യയായി അകത്തേക്കുകേറി വാ ഗേറ്റിനുപുറത്തേക്ക് പോകരുത്, നാട്ടിൽ നിറയെ പിള്ളേരുപിടുത്തക്കാരുള്ളതാ, അമ്മ അങ്ങനെ പലതും അടുക്കളയിൽ നിന്ന് വിളിച്ചു പറയുന്നുണ്ടായിരുന്നു. അപ്പോഴാണ് ഞാനാക്കാര്യം ശ്രദ്ധിച്ചത് കുറേ കാക്കകൾ കരഞ്ഞുകൊണ്ട് വട്ടംചുറ്റി പറക്കുന്നു. അനയത്തിയെ ഗേറ്റിനുള്ളിൽ നിർത്തി ഞാൻ പതുക്കെ പുറത്തു കടന്നു,നോക്കുമ്പോഴതാ ഒരു നായക്കുട്ടി റോഡരികിൽ അതിന്റെ മുഖം ഒരു പ്ലാസ്റ്റിക് കുപ്പിയിൽ കുടുങ്ങി പോയിരിക്കുന്നു. അത് വല്ലാതെ പേടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടുന്നുണ്ട്. അതു കണ്ടപ്പോൾ എനിക്ക് ചിരിവന്നു. അൽപ്പം കഴിഞ്ഞപ്പോൾ നായക്കുട്ടി ഏതോ വീട്ടുവളപ്പിലേക്ക് ഓടിക്കയറി ഒപ്പം കാക്കക്കൂട്ടവും.

നേരം രാത്രിയായി, എല്ലാ ദിവസവും രാത്രി ഭക്ഷണം കഴിഞ്ഞാൽ ഞങ്ങളെല്ലാവരും ഒന്നിച്ചിരുന്ന് വിശേഷങ്ങൾ പറയുന്ന പതിവുണ്ട്. അന്ന് രാത്രി ഞാൻ നായക്കുട്ടിയുടെ കാര്യം അച്ഛനോടും അമ്മയോടും പറഞ്ഞു. അവരുടെ സംസാരത്തിൽ നിന്നാണ് അതിന്റെ കാര്യഗൗരവം എനിക്ക് മനസ്സിലായത്. പ്ലാസ്റ്റിക്ക് അലക്ഷ്യമായി വലിച്ചെറിയുന്നതിന്റെ ദൂഷ്യഫലങ്ങൾ അവർ പറഞ്ഞുതന്നു. കൂടെ ആ നായയുടെ കഷ്ടസ്ഥിതിയും അന്ന് രാത്രി എനിക്ക് ഉറങ്ങാനേ പറ്റിയില്ല. നായക്കുട്ടിക്ക് വിശക്കുന്നുണ്ടാകില്ലേ, അതിന് ഭക്ഷണം കഴിക്കാൻ കഴിയില്ലല്ലോ,ശ്വാസം മുട്ടുന്നുണ്ടാകുന്നില്ലേ,നായക്കുട്ടി മരിച്ചു പോകുമോ, ഇതൊക്കെയായിരുന്നു എന്റെ ചിന്ത.

പിറ്റേന്ന് രാവിലെ ഞാനെഴുന്നേറ്റ് നായക്കുട്ടിയെ തിരഞ്ഞെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. രണ്ട് ദിവസം കഴിഞ്ഞപ്പോൾ നായക്കുട്ടിയെ വീണ്ടും കണ്ടു. റോഡരികിൽ നായക്കുട്ടി തളർന്നിരിക്കുന്നുണ്ടായിരുരന്നു.

e-magazine Kadachira High School

ആരൊക്കെയോ നായയുടെ മുഖത്തെ കുപ്പി അഴിക്കാൻ ശ്രമിച്ചെങ്കിലും നായകുതറി മാറിയതിനാൽ അഴിച്ചെടുക്കാൻ കഴിഞ്ഞില്ല. നായക്കുട്ടിയുടെ അവസ്ഥ എന്നെ വല്ലാതെ വിഷമിപ്പിച്ചു. ആരും കാണാതെ ഞാൻ കരഞ്ഞു.

പിറ്റേന്ന് രാവിലെ നോക്കുമ്പോൾ നായ തീരെ അവശനായി കാണപ്പെട്ടു. നാട്ടുകാർ അടുത്തേക്കു വരുമ്പോൾ അതിന് അനങ്ങാൻ പോലും വയ്യാതായി. നല്ലവരായ ചേട്ടന്മാർ അതിനെ പിടിച്ച് മുഖത്തെകുപ്പി എടുത്തു മാറ്റി. അതിനു ശേഷം നായക്കുട്ടിയെ അടുത്തുള്ള ഷെഡ്ഡിലേക്ക് മാറ്റി. അതിന് വെള്ളവും ഭക്ഷണവും നൽകി. നായക്കുട്ടി ആർത്തിയോടെ കഴിച്ചുതുടങ്ങി. എനിക്ക് സന്തോഷമായി. രണ്ട് ദിവസത്തിനുള്ളിൽ നായക്കുട്ടി ഉശാറായി . അത് വേഗത്തിൽ ഓടാനും മറ്റ് നായകളോട് ചേർന്ന് കളിക്കാനും തുടങ്ങി.

ഈ സംഭവം എന്നെ പ്ലാസ്റ്റക്ക് അലക്ഷ്യമായി വലിച്ചെറിയുന്നതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മനസിലാക്കിത്തരാൻ സഹായിച്ചു. അതിനുശേഷം ഞാനൊരു മിഠായിക്കടലാസുപോലും തോന്നിയപോലെ വലിച്ചെറിഞ്ഞിട്ടില്ല. എന്റെ ഈ കൊച്ചു കഥയിലൂടെ എനിക്ക് പറയാൻ ഉള്ളത് എന്നെ പോലെ എന്റെ കൂട്ടുകാരും പ്ലാസ്റ്റിക്ക് ശ്രദ്ധയോടെ മാത്രം കൈകാര്യം ചെയ്യണം എന്നാണ്. നമ്മുടെ അശ്രദ്ധ മറ്റു പല അപകടങ്ങൾക്കും നമ്മളറിയാതെ കാരണമാകുന്നമെന്നും അറിയുക.

e-magazine Kadachira High School

കഥ

# സ്വപ്നം

**അനന്തശ്രീ**

നമ്മുടെ കേരളത്തിൽ വലിയ ഒരു പ്രളയം ഉണ്ടായി.അതിൽ നമ്മുടെയെല്ലാം വീടുകളും നമ്മുക്കു വിലപ്പെട്ട സാധനങ്ങളെല്ലും ചില മനുഷ്യരുമെല്ലാം നശിച്ചു. ആദ്യം കനത്തമഴയുണ്ടായി. അതിലൂടെ വെള്ളപൊക്കവും.വെള്ളം കൊണ്ട് നിറഞ്ഞുട്ടുണ്ടായിരുന്നു വീട്ടുകളും മുറ്റവും.എല്ലാവരും മരണത്തിനു കീഴടങ്ങുകയായിരുന്നു. ഇതെല്ലാം ഒരു സ്വപ്നം പോലെ തന്നെയായിരുന്നു.ഇങ്ങനെയൊക്കെ ഉണ്ടാകുമെന്നു പ്രതിക്ഷിച്ചിട്ടു പോലുമില്ല മറ്റു ജില്ലകളിലുള്ള മനുഷ്യരെല്ലാം നമ്മളെ രക്ഷിച്ചു.രക്ഷാപ്രവർത്തകർ വന്നു ,അഭയാർത്ഥി കേന്ദ്രത്തിലേക്ക് ക്കൊണ്ടുപോയി അവിടെ വേണ്ടുന്നത്ര സുഖങ്ങളെല്ലാം ഉണ്ടായിരുന്നു അഭയാർത്ഥി കേന്ദ്രം ഒരുക്കിത്തന്ന അൾക്കാരോട് നന്ദി ഇങ്ങനെയൊക്കെ ഉണ്ടാവുമെന്നും മനുഷ്യർ നമ്മളെ രക്ഷിക്കുമെന്നും ഒന്നും വിചാരിച്ചില്ല പെട്ടെന്ന് എഞ്ഞൊക്കെയോ സംഭവിക്കുന്നതുപോലെയായിരുന്നു ആദ്യത്തെ സാധാരണ മഴ പിന്നീട് കന്നത്ത മഴയായ് മാറി ആ കനത്ത മഴ വെള്ളപ്പൊക്കത്തിന് കാരണമായി മനുഷ്യരുടെ പ്രകൃതിയോടുള്ള

ക്രൂരതമായ പ്രവൃത്തികളാണ് ഇതിനൊക്കെ കാരണമായത്. വെള്ളം ഒഴുകിപോകാനുള്ള സ്ഥലങ്ങൾ തടഞ്ഞ് വെള്ളത്തിന് ഒഴുകാൻ പ്രയാസമായി അതുകൊണ്ട് വെള്ളം തങ്ങിനിന്നു. അങ്ങനെ വെള്ളപ്പൊക്കമുണ്ടായി. നമ്മുക്ക് വേണ്ടപ്പെട്ട മനുഷ്യരും മരിച്ചുപോയി. ഇത്രയൊക്കെ സംഭവിച്ചിട്ടും ജീവൻ തിരിച്ചുകിട്ടിയല്ലോ, അതുതനെ ഒരു ഭാഗ്യമാണ്. നമ്മൾ മനുഷ്യർ തന്നെ പ്രകൃതിയെ നശിപ്പിച്ചു. അതിന് കിട്ടിയ തിരിച്ചടിയായാണ് പ്രളയം ഇനിയും കുറെ ദുരന്തങ്ങൾ നമ്മൾ അനുഭവിക്കാനുണ്ടാവും . പ്രളയം കൊണ്ട് വീടുകൾ മാത്രമല്ല നശിച്ചിരിക്കുന്ന പല ആൾക്കാർക്കും രോഗങ്ങളെല്ലാം ഉണ്ടായിട്ടുണ്ട് . വീടുകളിൽ പാമ്പുകളും പോലെയുള്ള ജീവികളെല്ലാം കയറിയിട്ടുണ്ടായിരുന്നു. വീട്ടു വൃത്തിയാക്കുകയും വേണം.വീടിനുള്ളി ചളികളെകൊണ്ട് നിറഞ്ഞിരിക്കുന്നു. ആ ഒരൊറ്റ പ്രളയം കൊണ്ട് നമ്മൾ കുറെ ദുരന്തങ്ങൾ അനുഭവുച്ചിരുന്നു.



e-magazine Kadachira High School

# കുറേ വൻകരകൾ ഒരു കടൽ

**അഞ്ജന വി കെ**

ഞാൻ കുട്ടിക്കാലത്ത് ആയിരിക്കുമ്പോൾ, അതായത് രണ്ടിലോ മൂന്നിലോ പഠിക്കുമ്പോഴാണ് ആദ്യമായി കടൽ കാണുന്നത്. പുഴയിലും പാടത്തുമൊക്കെ മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാവുന്നത് പരിചയമുണ്ട്. കടൽ എന്ന വെള്ളപ്പരപ്പ് സങ്കൽപ്പിക്കാവുന്നതിലും അപ്പുറമാണ്. വരിവരിയായി തിരമാലകൾ വന്നുകൊണ്ടിരിക്കുന്നു. അക്കരെ ഒന്നും കാണാനില്ല. ഒരുപാട് സംശയങ്ങൾ മനസ്സിൽ വന്നു. കൂടെ വന്നവർക്കാണെങ്കിൽ നാട്ടുകാര്യം പറയുന്നതിനാണ് താൽപര്യം.

"ഈ വെള്ളം കുടിക്കാൻ പറ്റ്വോ?"

"കുടിച്ച് നോക്ക്..." ഏട്ടൻ സമ്മതിച്ചു.

ഇറക്കാൻ പറ്റിയില്ല. വായിൽ എടുത്തപ്പോൾ തന്നെ തുപ്പിക്കളയേണ്ടി വന്നു. വല്ലാത്ത ഉപ്പുരസം. കടൽ വെള്ളത്തിൽ ഉപ്പുണ്ടെന്ന് സ്വയം കണ്ടെത്തി. ഈ വെള്ളം വറ്റിച്ചെടുത്താണ് ഉപ്പുണ്ടാക്കുന്നതെന്ന് കൂട്ടത്തിലാരോ പറഞ്ഞുതന്നു. മറ്റൊരു അറിവും അന്ന് കിട്ടിയതോർക്കുന്നു. നമ്മൾ കഴിക്കുന്ന അയലയും മത്തിയും ഒക്കെ കടലിൽ നിന്ന് ലഭിക്കുന്നവയാണ്. കുളങ്ങളിൽ കാണുന്ന വരാലും മുശുവുമൊന്നും കടലിൽ ഉണ്ടാവില്ലത്രേ...

e-magazine Kadachira High School

# വഴി തെറ്റുമ്പോൾ

നിരഞ്ജന കെ

കുട്ടിക്കാലം തൊട്ടേ പഠനത്തിലും മറ്റു കാര്യങ്ങളിലും മികവുകൾ പ്രകടിപ്പിച്ച കുട്ടിയായിരുന്നു കണ്ണൻ. വിദ്യാലയത്തിലെ അധ്യപകരല്ലാം അവനെ നല്ലതു മാത്രം പറയനായി ഒരുപാടു പേരുണ്ടായിരുന്നു. 10ാം ക്ലാസുവരെ നന്നായി പഠിച്ചു. സ്കൂളിലെ മികച്ച വിദ്യാർത്ഥിയായിരുന്നു കണ്ണൻ. അവന്റെ മുന്നേറ്റത്തിൽ അച്ഛനും അമ്മയും ഒരുപോലെ ആഹ്ലാദിച്ചു. പിന്നീട് +1 ലേക്ക് പുതിയ വിദ്യയാലത്തിലേക്ക് അവൻ കടന്നു. പുതിയ അധ്യാപകരും പുതിയ ക്ലാസും പുതിയ പഠനവും പുതിയ ചങ്ങാതിമാരും. സ്കൂൾ ദൂരത്തായിരുന്നതിനാൽ അവൻ താമസിച്ചത് ഹോസ്റ്റലിലാണ്. അച്ഛനും അമ്മയും വീട്ടിലും.

അവൻ സ്കൂളിലെത്തി... പുതിയ വിദ്യാലയത്തിലെ ആദ്യ ദിവസം വന്നപാടെ കവാടത്തിനടുത്തായി റാഗിങ്ങിനായി ഒരു കൂട്ടം സീനിയേസ് ഉണ്ടായിരുന്നു. അവരുടെ കയ്യിൽ സിഗരറ്റും മദ്യവും കൊണ്ട് നിറഞ്ഞിരിക്കുന്ന സിഗരറ്റിന്റെ പുക അസ്വസ്ഥനാക്കി ആ കൂട്ടത്തിൽ ഒരുത്തൻ ചോദിച്ചു.

നിന്റെ പേരെന്താടാ...?

കണ്ണൻ

ഓഹോ... കണ്ണൻ..ഹ..ഹ..

സിഗരറ്റ് വലിച്ചു കൊണ്ടിരിക്കുന്ന മറ്റൊരുത്തൻ കണ്ണനെ മദ്യപിക്കാനായി നിർബന്ധിച്ചു

ഡാ..കണ്ണാ.. ദാ..കുടിക്ക് കുടിക്കെടാ...

ഒടുവിൽ അവൻ വാങ്ങി കുടിച്ചു ഒരിക്കൽ കുടിച്ചപ്പോഴേക്കും വീണ്ടും വീണ്ടും വേണമെന്നായി ഇടക്കിടെ സിഗരറ്റിനും ചോദിച്ചു കണ്ണന്റെ ആ മാറ്റത്തിൽ അവർ സന്തോഷിച്ചു അവരിലൊരാളായി കണ്ണനെ അവർ കാണാൻ തുടങ്ങി

e-magazine Kadachira High School

പല ക്ലാസുകളിലും സിഗരറ്റ് വലിച്ചതിനെത്തുടർന്ന് പ്രശ്നമുണ്ടായി. ദിവസങ്ങൾ കഴിയുന്തോറും അവൻ വഷളായി തുടങ്ങി

ആദ്യത്തെ വെക്കേഷന് അവൻ നാട്ടിൽ പോയി ആടിയാടി വീട്ടിൽ വന്നെത്തിയ കണ്ണനെ നോക്കി അച്ഛൻ ചോദിച്ചു

എന്തുപറ്റിയെടാ നിനക്ക് ?

ആശ്ച്യര്യത്തോടെയുള്ള അദ്ദേഹത്തിന്റെ ചോദ്യത്തിനു പിന്നാലെ അമ്മയുടെ പറച്ചിൽ

മോനെ എന്തു പറ്റി? അമ്മയെ നോക്കടാ

no അമ്മയല്ല mom ഇനി ഞാൻ അങ്ങനെ വിളിക്കും ok ?

പിറ്റേന്ന് രാവിലെ ചായയുമായെത്തിയ അമ്മക്ക് ആ മണം അസഹനിയമായിരുന്നു കവലയിലെ കുടിയന്മാരുടെയും കഞ്ചാവു വലിക്കാരുടെയും അടുത്തുനിണ്ടാനുന്ന വൃത്തികെട്ട മണം. തന്റെ മകൻ വഴിതെറ്റുന്നു എന്ന കാര്യം ആ അമ്മയ്ക്ക് മനസ്സിലായിക്കഴിഞ്ഞു അവന്റെ സ്വഭാവത്തിലെ മാറ്റവും അമ്മയോടും അച്ഛനോടുംമുള്ള തട്ടിക്കയറുന്ന സംസാരവും ആ അമ്മയെ ആത്മഹത്യവയുടെ വക്കിലെത്തിച്ചു ഒടുവിൽ അത് സംഭവിച്ചു

കുടിയും വലിയുമായ് നടന്ന കണ്ണന് പക്ഷെ അമ്മയുടെ ആ മരണ വാർത്തയറിഞ്ഞ് വല്ലാത്ത കരച്ചിൽ വന്നു ഞാനൊറ്റൊരുത്തൻ കാരണം എന്റമ്മ മരിച്ചു...

# ബീച്ച്

**ഭാവനാ ബാബു**

മുഴപ്പിലങ്ങാട് ബീച്ചിൽ ഒരു സായാഹ്നം.........

അതെന്റെ സ്വപ്നമായിരുന്നു. കടൽ കാണാൻ ഒരുപാടിഷ്ടമാണെനിക്ക്. ബസ്സിലായിരുന്നും കാറിലിരുന്നുമല്ലാ, മണൽപരപ്പിലിരുന്നും നടന്നുകൊണ്ടുമാണ് കടൽ കാണേണ്ടത് എന്നെനിക്ക് തോന്നി.

ഞങ്ങൾ ബീച്ചിലെത്തുമ്പോൾ ആളൊഴിഞ്ഞു തുടങ്ങിയിരുന്നു. മണൽപ്പരപ്പിൽ ശേഷിച്ച നിരവധി കാൽപാടുകൾ. വ്യക്തവും അവ്യക്തവുമായ ആ കാൽപാടുകൾ ജീവിതത്തിന്റെ ആഴങ്ങളിലേക്ക് നടന്നു നടന്ന് മാഞ്ഞുപോയതുപോലെ.......

കടലിനെ തൊട്ടും തൊടാതെയും ഞാൻ നടന്നു. പടിഞ്ഞാറോട്ട് നടക്കുന്തോറും അസ്തമയസൂര്യൻ എന്നിൽ നിന്നും അകന്നകന്നുപോകുന്നതുപോലെ തോന്നി. അതോ, അടുത്തടുത്ത് വരികയാണോ? ഞാൻ മണൽപ്പരപ്പിൽ ഇരുന്നു. സൂര്യൻ പൂർണ്ണമായും അസ്തമിക്കുകയാണ്. ഞാൻ മറിച്ചും ചിന്തിച്ചു. സൂര്യൻ അസ്തമിക്കുകയാണോ അതോ എന്റെ മുമ്പിൽ തലതാഴ്ത്തുകയാണോ ?സൂര്യൻ യാചനാഭാവത്തിൽ ഇരുട്ടായി മാറുകയാണോ പ്രകൃതിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന ക്രൂരർ ആയ മനുഷ്യരുടെ മുമ്പിൽ?

അരുത്.....അരുത് എന്ന യാചനാഭാവത്തിൽ സൂര്യൻ തലതാഴ്ത്തി പിൻവാങ്ങി. എനിക്കുചുറ്റും ഇരുട്ടു പരന്നു..

# ഏകാന്തത

**അഹല്യ സി**

ഭാഗ്യവശാൽ സബ്ജില്ലയിൽനിന്നും ജില്ലാ തലത്തിലേക്ക് പുസ്തകാസ്വാദനത്തിനി ഒന്നാം സ്ഥാനത്തോടെ വിജയിക്കാൻ കഴിഞ്ഞു. പക്ഷെ ചില സാഹചര്യങ്ങളാൽ എനിക്ക് മാത്രമാണ് അന്നേ ദിവസം ജില്ലാതല മല്സരം ഉണ്ടായിരുന്നത്. തനിച്ചായിരുന്നത് കൊണ്ടും കൊണ്ടു ചെന്നാക്കാൻ ആരുമില്ലാത്തതുകൊണ്ടും ആരോഗ്യസംബന്ധമായ പ്രശ്നങ്ങളുള്ള മൃദുല ടീച്ചറെ അരോളി സ്കൂളിലേക്കുള്ള യാത്രയിൽ ഒപ്പം കൂടേണ്ടിവന്നു. ബസ് യാത്ര ശീലം കുറവായതുകൊണ്ട് എന്തോ പോലെ തോന്നി. സ്കൂളിലേക്കെത്തിയതുമിതൽ പിന്നീടുള്ള കുറേസമയം ഏകാന്തത അനുഭവിച്ചു. പിന്നീടാണ് അഷിയെ കണ്ടത്, എന്റെ പഴയ ഒരു സുഹൃത്ത്. പുള്ളിക്കാരൻ കടമ്പൂർ ഹയർസെക്കണ്ടറി സ്കൂളിലെ 9ാം ക്ലാസ് വിദ്യാർത്ഥിയാണ്. മത്സര ഹാളിൽ വച്ച് പുതിയൊരു സുഹൃത്തിനെ കിട്ടി. സോണിയ, വളരെ മെച്ചേർഡ് ആയിട്ടുള്ള ഒരു നല്ല സുഹൃത്ത്. ജയേഷ് മാഷിന്റെ ക്ലാസിന് ശേഷം അവളും ഞാനും അഷിയും ഉച്ചഭക്ഷണത്തിനായി പോയി. സന്തോഷ് എച്ചിക്കാനത്തിന്റെ 'ചരമക്കോളം ' എന്ന കഥയായിരുന്നു ആസ്വാദനത്തിനായി തന്നത്. മുമ്പ് വായിച്ചിട്ടുള്ള കഥയായാതിനാൽ വലിയ പ്രയാസമൊന്നും ഉണ്ടായിരുന്നില്ല. നല്ല രീതിയിൽ തന്നെ ആസ്വാദനം തന്നെ ആസ്വാദനം എഴുതി. എന്നാൽ ഇന്റവ്യൂവിൽ നല്ല രീതിയിൽ പങ്കെടുക്കാൻ സാധിച്ചില്ല. സബ്ജില്ലയിൽവച്ച് ചങ്ങമ്പുഴയുടെ രമണനെക്കുറിച്ചായിരുന്നു ഞാൻ പറഞ്ഞത്. എന്നാൽ ജില്ലയിൽ ഞാൻ പി കേശവദേവിന്റെ 'ഓടയിൽനിന്ന് ' എന്ന കഥയെ കുറിച്ചാണ് പറഞ്ഞത്. എന്നോട് മുന്നത്തെ ദിവസം പോലും എന്റെ ചങ്ങാതി രമണനെ പറഞ്ഞാൽ മതി എന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരുന്നു. പക്ഷെ അവിടെയെത്തിയപ്പോൾ 'ഓടയിൽനിന്ന് ' എന്ന കഥയെ്ക്കുറിച്ച് പറയാനാണ് തോന്നിയത്. അതിന് എന്റെ ചങ്ങാതി എന്നെ നന്നായി വഴക്കു പറഞ്ഞിരുന്നു. ഇന്റർവ്യൂവിൽ നല്ല രീതിയിൽ മാർക്ക് സ്കോർ ചെയ്യാനാവാത്തതിനാൽ എനിക്ക് വളരെ സങ്കടമുണ്ടായി. ആ നിമിഷങ്ങളിൽ സാലിഹ ഒപ്പമുണ്ടായിരുന്നു വെങ്കിൽ എന്ന് ഞാൻ ആശിച്ചു. പിന്നെയും ഒരു പ്രതീകം എന്നിലുണ്ടായിരുന്നു. എനിക്ക് സംസ്ഥാനതലത്തിലേക്ക് പോകാനുള്ള അവസരം ലഭിച്ചില്ലെന്നറിയുമ്പോൾ വലിയ സങ്കടമായിരുന്നു. ഏകാന്തതയറിഞ്ഞ ചില നിമിഷങ്ങൾ കഴിഞ്ഞു പോയതിന്റെ സമാധാനവും എന്റെ മുഖത്തുണ്ടായിരുന്നു എന്ന് തോന്നുന്നു.



e-magazine Kadachira High School

# മാമ്പഴക്കാലം .....

കൃഷ്ണ കിഷോർ ആർ

ഞാൻ കാത്തിരിക്കുന്നു .... വീണ്ടും ആ മാമ്പഴക്കാലത്തിനായ്....

കൂട്ടുകാരോടൊപ്പം എറിഞ്ഞും,മരത്തിൽ കയറിയും പറിച്ച ഏറെക്കുറേ മാമ്പഴങ്ങൾ....പച്ചമാങ്ങഉപ്പിലിട്ടതും, പഴുത്ത മാങ്ങ കടിച്ചു തിന്നതും, ഓർക്കുമ്പോൾ തന്നെ കൊതിയവുന്നു..

ഞങ്ങളുടെ പറമ്പിൽ നിറയെ മാവുകളുണ്ട്. കിളിയുടെ ചുണ്ടുപോലെയുള്ള കിളിച്ചുണ്ടൻ, വളരെ ചെറിയ കടുക്കാച്ചി മാങ്ങ എന്നിങ്ങനെ വളരെയധികം മാങ്ങകൾ .. പിന്നെ ഒരു മുത്തശ്ശി മാവുണ്ടായിരുന്നു. അതു കഴിഞ്ഞ മഴക്കാലത്ത് വീണു പോയി . അതിനടിയിൽ വച്ചാണു ഞാൻ ചെറുതായപ്പോ അമ്മ ചോറു വാരി തന്നത് . ആ സമയത്ത് അമ്മയുടെ മനസ്സിൽ പല നിമിഷ കഥകളും വന്നിട്ടുണ്ടാവണം . ചോറിന്റെ കൂടെ ഏറ്റവും രുചികരമായ ഒരു കറിയായ ആ കഥകളാവണം അമ്മ എനിക്ക് വാരിത്തന്നിരുന്നത് . അങ്ങനെ ഓർമ്മകളാൽ നിറഞ്ഞതായിരുന്നു ആ മരം .

വേനലവധിയിൽ എന്റെ അമ്മാവൻ വരുമ്പോൾ അവരുടെ മക്കളും അവരുടെ വീട്ടിൽ നിന്ന് തറവാട്ടിലെത്തും . കൂടാതെ വല്യമ്മയുടെ മക്കളും . ഞങ്ങൾ രണ്ടാൾക്കാരായി തിരിയും . എന്നിട്ടു താഴെ വീണ മാങ്ങ പെറുക്കാൻ പോകും . അമ്മാവൻ കൊണ്ടു വന്ന ജ്യൂസും കൈയിൽ ഉണ്ടാകും . അവസാനം എല്ലാവരും പെറുക്കിയ മാങ്ങകൾ കുട്ടയിലാക്കി കഴുകി , അതു മുറിച്ച് അതിൽ കുറച്ച് ഉപ്പും മുളകും ചേർത്ത് കഴിക്കും .

അങ്ങനെ വീണ്ടും ഒരു അവധിക്കാലം പടിവാതില്ക്കൽ എത്തിയിരിക്കുന്നു ........



e-magazine Kadachira High School

കഥ

# എന്റെ കുഞ്ഞിക്കോഴികളുടെ ജീവിതം

**ആരോമൽ സഞ്ജീവ് വി എം**

നാലാം ക്ലാസിൽ നിന്ന് പരീക്ഷ കഴിഞ്ഞ് വീട്ടിലെത്തി.ഒരു ശബ്ദം, എവിടെ നിന്നായിരിക്കും? മുകളിൽ തന്നെ. ഞാൻ നോക്കി. ഡോർ തുറന്നപ്പോൾ ഞാൻ ഞെട്ടി. പത്ത് കുഞ്ഞിക്കോഴികൾ. ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി. ഞാൻ പെട്ടെന്ന് തന്നെ വസ്ത്രം മാറി വന്നു. എങ്ങനെയുണ്ട്? അച്ഛൻ ചോദിച്ചു. എനിക്കന്നെച്ഛനെ വളരെ ഇഷ്ടമായി. പിന്നെ നേരെ മുകളിൽ.

ഒരാഴ്ച കഴിഞ്ഞു. ഞാൻ രാവിലെ എണീച്ച് മുകളിൽ പോയി. ഭക്ഷണമിട്ട് കൊടുത്തപ്പോൾ ഒരു സാധനം  കോഴിയുടെ ചിറക് വിരിയുന്ന ഭാഗത്ത്. ഞാൻ വിചാരിച്ചു, ചിറകായിരിക്കുമോ? സംഗതി സത്യം തന്നെ. ചിറക് വന്നു. നല്ല ചിറക്, ഞാൻ കണ്ട് മതി മറന്നു. എന്നും ഞാനവയെ കണ്ട് നേരം പോക്കും. ചിലപ്പോഴൊക്കെ കളിക്കും. അങ്ങനെ ഒരാഴ്ച കൂടി കഴിഞ്ഞു പോയി. ചിറക് കുറച്ച് വലുതായി. എനിക്ക് തോന്നി , ഇവയ്ക്ക് പേരിടേണ്ടേ? വേണം , വലുതായിട്ട്. ദിവസങ്ങൾ കടന്നുപോയി. കോഴികളെ വലിയ കൂട്ടിലാക്കാനുള്ള പ്രായമായി. എല്ലാ കോഴിയേയും താഴെയാക്കി. ഒരു ദിവസം ഞാനവയ്ക്ക് പേരിട്ടു. ബ്ലാക്ക് ബുദ്ധി , ബ്ലാക്ക് ബുദ്ധി -2 , ബ്രൗൺ ബുദ്ധി , പുലിമുരുകൻ, ബൗൺ ബ്ലാക്ക് ബുദ്ധി , ഡുണ്ടു , മഞ്ഞ , വെള്ള , കുഞ്ഞിക്കോഴി എന്നിങ്ങനെ. ഒന്നിന് മാത്രം പേരിട്ടില്ല. നല്ല പേര് അന്നെനിക്ക് കിട്ടിയില്ല. സ്കൂൾ തുറക്കാറായി, കോഴികൾ നല്ലവണ്ണം തടിവച്ചു. അങ്ങനെ വൈകുന്നേരം ഭക്ഷണം കൊടുക്കുമ്പോൾ തോളിൽ കയറിപ്പറ്റി. കിട്ടി, നല്ല പേര് കിട്ടി. തത്ത , തത്തക്കോഴി. ആഹാ, നല്ല പേര്.

e-magazine Kadachira High School

പക്ഷേ ഒരു സങ്കടമുള്ള കാര്യമുണ്ടായി. പുലിമുരുകൻ കോഴിയെ പാമ്പ് പിടിച്ചു, കുഞ്ഞിയേയും. അമ്മ ഓടി മണ്ണെണ്ണ എടുത്തൊഴിച്ചു. പാമ്പ് പുറത്തു പോയി കളഞ്ഞു. രണ്ടിനും ജീവനില്ല. ഞാൻ തരിച്ചു. നോക്കുമ്പോൾ കുഞ്ഞി മാത്രം ചെറുങ്ങനെ പേടിച്ച് നടന്നു വന്നു. മറ്റേത് ചത്തുപോയി. പാവം അതിന് തൊട്ടടുത്ത ദിവസം തന്നെ എന്റെ ബ്രൗൺബ്ലാക്ക് ബുദ്ധിയെ കാണാതായി. പിന്നെ അത് തിരിച്ചുവന്നതേയില്ല. ആ പത്ത് എട്ടായി കഴിഞ്ഞു. ഇനിയും മരിക്കരുതെന്നായിരുന്നു എന്റെ ആഗ്രഹം. സ്കൂൾ തുറന്ന് മൂന്ന് മാസം കഴിഞ്ഞപ്പോൾ ഞാനവയെ കൂട്ടിൽ നിന്നിറക്കി. ഞാനറിയാതെ വെള്ളയുടെ കഴുത്തിൽ ചവിട്ടി. ഞാൻ വിറച്ചു പോയി. ഭാഗ്യം ഒന്നും സംഭവിച്ചില്ല. അങ്ങനെ മൂന്ന് മാസം കഴിഞ്ഞപ്പോൾ വെള്ളയ്ക്ക് അസുഖം പിടിച്ചു. മാറുമെന്ന് വിചാരിച്ച് മരുന്ന് കൊടുത്തു. പക്ഷെ അന്ന് ഞാനൊന്ന് പിടിച്ചപ്പോൾ അത് എന്റെ കയ്യിൽ നിന്ന് മരിച്ചു. എനിക്ക് സങ്കടം സഹിക്കാൻ വയ്യാതായി. അടുത്ത ദിനത്തിൽ സ്കൂൾ വിട്ട് വന്നപ്പോൾ കുഞ്ഞിക്കോഴിയെ കാണാതായി. അമ്മയാണ് പിന്നെ പറഞ്ഞത് അതിന് അസുഖം പിടിച്ച് കൊടുത്തു. ഒരു വർഷം കഴിഞ്ഞു.

ആറ് കോഴി ബാക്കിയുണ്ട്. അച്ഛൻ പറഞ്ഞു. പൂവൻകോഴിയെ വാങ്ങാമെന്ന് മാമന്റെ വീട്ടിൽ പോയി. അവിടുന്ന് വെറൈറ്റി കളറുള്ള പൂവൻ കോഴിയെ വാങ്ങിച്ചു. ആറ് ദിവസം കഴിഞ്ഞ് പുറത്തിറക്കി പൂവൻ കോഴിയെ. ഞാൻ എന്നും പൂവനെ പിടിക്കും , പക്ഷെ ഇപ്പോൾ അതും തടിച്ച് കൊത്താൻ പടിച്ചു. ഇപ്പം എനിക്ക് ഏഴ് കോഴിയേ ഉള്ളൂ. അതുതന്നെ ഭാഗ്യം.

e-magazine Kadachira High School

# വനദേവത

നന്ദന കെ

ഒരു മനോഹരമായ കാട്. സ്നേഹത്തിന്റെയും സുഹൃത്ബന്ധത്തിന്റെയും വനം. എല്ലാവരും സന്തോഷത്തോടെ ജീവിക്കുമ്പോഴാണ് ആ വനത്തിൽ വരൾച്ച അനുഭവപ്പെട്ടത്. അരുവികളും പുഴകളും വറ്റിവരണ്ടു. കുടിക്കാനോ ഒന്നിനും വെള്ളമില്ലാതായി. എല്ലാവരും സങ്കടപ്പെട്ടു. കുറേ പക്ഷികളും മൃഗങ്ങളും എല്ലാം ചത്തുപോയി. സസ്യങ്ങളും മരങ്ങളുമെല്ലാം ഉണങ്ങിപ്പോയി. ആ വനത്തിൽ പുതിയ ചെടികളും വൃക്ഷങ്ങളും വളരാതായി . ഈ കാര്യം ഗ്രാമത്തിൽ വസിക്കുന്ന അപ്പു അറിഞ്ഞു. അപ്പു ഈ കാര്യം മേയറെ അറിയിച്ചു. മേയർ ആ വനത്തിൽ കിണറുകളും തടാകങ്ങളും നിർമ്മിച്ചു. ആ വനത്തിൽ കുറേ മരങ്ങളും നട്ടുപിടിപ്പിച്ചു. വനത്തിൽ മഴ പെയ്തു. എല്ലാവർക്കും സന്തോഷമായി. അപ്പുവിനോടും മേയറോടും മൃഗങ്ങൾ നന്ദി പറഞ്ഞു. ആ വനത്തിലെ മരങ്ങൾ മുറിച്ചതു കൊണ്ടാണ് മഴ പെയ്യാതെയായത്.

>>>>>><<<<<<

# ചുവപ്പ്

കൃഷ്ണ കിഷോർ ആർ




കണ്ണൂരിൽ.....
നിരത്തുവക്കുകളുടെ നിറം എന്നും ചുവപ്പാണ്.....
ചിലപ്പോൾ വാകപ്പൂക്കളാൽ....
മറ്റുചിലപ്പോൾ രക്തപ്പൂക്കളാൽ.....

e-magazine Kadachira High School

# THE SMALL FARMER

**Gautham Santhosh**

There was a child who lived in a small village. His name was Appu. He liked to farm. But his parents always told him to study. He was good in study and he was first in the class. But he liked to farm more than study. But his parents does not allow him to farm.

One day he started farming without seeing his parents. Everyday he worked hard and hard. But one day his father saw him farming. He became angry and shouted at him. He beat Appu and Appu started crying. Father beat him once more and he became silent.

After that day Appu couldn't focus on his study. His exam results were too bad. Everyday his father scolded him. His mother saw him that at the study time he draw pictures of farming and the crops. Mother under stood his feeling and told father everything. Hearing this father became very sad. He started crying. He ran to Appu and hugged him. Then father told:"I am sorry son, I didn't understand your feelings. Now you could go and farm." Appu became very happy.

After when he started farming he started focusing on study. The next exam result became excellent.

# TARUN AND VARUN

**Gautham Santhosh**

Once upon a time there lived two brothers. Their name were Tarun and Varun. Varun was a good boy. He always helped his parents. But Tarun was a naughty boy who always tried to make Varun unhappy.

One day their father brought them bicycles. The bicycles were same. Then Tarun started trying to broke Varun's bicycle. One morning when both were playing Tarun silently went inside. Varun saw Tarun going inside. He knew that Tarun was trying to broke his cycle. He exchanged their bicycles. Then he hide behind a bush and watched what was going to happen.

After sometime he saw Tarun coming outside. There was a pin and a scissor in his hand.

He went near to cycle. He hit the tyres with the pin and cut the brake wires with the scissor.

Then he went near to Tarun and said:"I am very very sorry Varun, when I was coming outside I saw that your cycle was broken.

“No problem. Because, that is not my cycle, it is yours.” Varun said.

Tarun started crying. “Don't cry Tarun, I will tell father to repair it.” said Varun. After it Tarun became a good boy.

# *WITHIN ME........*

***Krishna Kishor .R***

*I have seen god...*
*He is within me...*
*He is love..*
*He is all..*

*I have seen devil,*
*He is within me...*
*He is hostile...*
*He is that we do wrong...*

*I can see both*
*both are within me*
*But it is me who brings*
*either god or devil...*

.

# കൃഷി ചൊല്ലുകൾ

തീർത്ഥന എ

* ഞാറ്റിൽ പിഴച്ചാൽ ചോറ്റിൽ പിഴച്ചു
* വിത്തു ഗുണം പത്തു ഗുണം
* ഒന്നു ചീഞ്ഞാൽ ഒന്നിനു വളം
* പറിച്ചു നട്ടാലേ കരുത്ത് കൂട്ടു
* ഉഴുന്ന കാള വിത്തറിയേണ്ട
* കണ്ടം വിറ്റ് കന്നിനെ വാങ്ങിയിട്ടെന്തനാ
* കതിരിന്മേൽ വളം വയ്ക്കരുത്
* കാലത്തേ വിതച്ചാൽ നേരത്തേ കൊയ്യാം
* കോരി വിതച്ചാൽ കുറച്ചേ കൊയ്യൂ
* നാറുറച്ചാൽ ചോറുറച്ചു
* നെല്ലറ പൊന്നറ
* അതിവിളവിന് അങ്ങാടിയിൽ
* ഇനം ഇനത്തെക്കാളും , വേലി വിളത്തേകാക്കും
* ഒരു വിത്തു വിതച്ചാൽ പല വിത്തുവിളയും
* കച്ചികെട്ടാനുള്ള കയർ കച്ചിയിൽ തന്നെ ഉണ്ട്
* ഇളങ്കോടന് പടയ്ക്കറക്ക ഇളംതേങ്ങ കറിക്കറയ്ക്ക
* കടയ്ക്കൽ നനച്ചേ തലയ്ക്ക്ൽ പൊടിക്കു
* കണ്ടം നന്നല്ലാത്തേനു കന്നിനെതല്ലിയിട്ടെന്താ

e-magazine Kadachira High School

# ബഹിരാകാശം അറിയുമ്പോൾ

അഭിനവ് സഞ്ജീവ്

**ആമുഖം:** ബഹിരാകാശം നമ്മുക്ക് നോക്കത്താ ദൂരത്താണ് നിറയെ നക്ഷത്രങ്ങളും ഒരു ചന്ദ്രനുമുള്ള പ്രപഞ്ചം മാത്രമേ നമ്മൾ നമ്മുടെ നേത്രങ്ങൾ കൊണ്ട് കണ്ടിട്ടുള്ളു എന്നാൽ അതിനുപുറമെ ഒരുപാട് ഗ്രഹങ്ങളും അറിയാത്ത നക്ഷത്രങ്ങളുമുള്ളമൊക്കയുള്ള ഒരു ലോകം, ആ ലോകത്തെകുറിച്ച് പഠിച്ച് മനുഷ്യനേയും മൃഗങ്ങളെയും ബഹിരാകാശത്ത് എത്തിച്ച ചന്ദ്രനെ കുറിച്ച് പഠിച്ചും അതിന്റെ രഹസ്യം കണ്ടെത്തുകയും ചെയ്തു. ഇതൊക്കെ നമ്മുക്ക് അതിശയമാണ് മനുഷ്യൻ ഒരുപാട് കണ്ടെത്തിയിരിക്കുന്നു. ഒരുപാട് നേട്ടങ്ങൾ കൊയ്തു ആ നേട്ടങ്ങളെ കുറിച്ച് പഠിക്കാനും തുടങ്ങിയിരിക്കുന്നു

ബഹിരാകാശം അവിടെ വായുവില്ല മനുഷ്യന് നിനക്കായി ഒന്നുമ്മില്ല എങ്ങെനെയെങ്കിലും അവിടെ എത്താനുള്ള ശ്രമമായിരുന്നു സോവിയേറ്റ് യൂണിയന് ലൂണ 1 ൽ തുടക്കമിട്ടു 2 ൽ ലൈക്കയെന്ന എന്ന നായയെ വിജയകരമായി ബഹിരാകാശത്തേക്ക് അയച്ചു പക്ഷെ തിരിച്ചു വരുമ്പോൾ തന്നെ അമിതമായി ചൂട് കാരണം ലെയ്ക മരണമടയുകയായിരുന്നു അതിനുശേഷം രണ്ട് നായ്കളെ അയച്ച് വിജയകരമായി തിരിച്ചുകൊണ്ടുവരികയും ചെയ്തു

അതിനുശേഷം സായ് എന്ന കുരങ്ങനെയുമൊക്കെ കൊണ്ടുപോയി. ലൂണ 2 എന്ന വാഹനം സോവിയറ്റ് യൂണിയൻ ആദ്യമായി ചന്ദ്രനിൽ ഇടച്ചിറക്കിയ എന്ന ചരിത്രം നേട്ടമായി മാറുകയും ചെയ്തു. ഇതുകണ്ട് അമേരിക്ക (APOLLO) എന്ന വാഹനം ചന്ദ്രനിൽ ഇറക്കാൻ ശ്രമിച്ചു. ആദ്യം ശ്രമം വിഫലമായിരുന്നെങ്കിലും പിന്നീട് അത് വിജയകരമായി.

e-magazine Kadachira High School

യൂറിഗഗാറിൻ എന്ന റഷ്യക്കാരൻ സോവിയറ്റ് യൂണിയൻ പ്രതികരിച്ച് ആദ്യത്തെ മനുഷ്യൻ ബഹിരാകാശത്തേക്ക് എത്തി റഷ്യയുടെ മുൻപന്തിയിൽ ആയുധം കൊണ്ട് അമേരിക്കൻ പ്രസിഡന്റ് വെല്ലുവിളിച്ചു. ഇതിന്റെ ഭാഗമായി 1869 ജൂലൈ 21 അമേരിക്കകാരനായ നീൽ ആംസ്ട്രോങ്ങും മൈക്കിൾ കോളിൻസും ചേർന്ന സംഘം ആദ്യമായി ചന്ദ്രനിൽ കാലുകുത്തി.

ബഹിരാകശത്ത് പോയ ഇന്ത്യക്കാരനാണ് രാകേഷ് ശർമ. കൽപ്പന ചൌള എന്ന ഇന്ത്യക്കാരി തിരിച്ചു വരുന്ന സമയത്ത് മരണമടയുകയും ചെയ്തു. ചന്ദ്രയാൻ എന്ന ഇന്ത്യൻ പര്യവേഷണം ISRO തുടക്കമിട്ടു ചന്ദ്രനെപറ്റി പഠിക്കാൻ വളരെ സഹായകരമായിരുന്നു. ISRO യുടെ ചന്ദ്രയാൻ. ക്യൂരിയേസിറ്റി ചന്ദ്രനിൽ വെള്ളം കണ്ടെത്തിയതെല്ലാം വളരെ വിഷയപ്രധാനമായിരുന്നു. ISRO യുടെ മംഗൾയാൻ ചൊവ്വയെകുറിച്ച് പഠിക്കാൻ വിക്ഷേപിച്ചതാണ്. 2014 നവംബർ 5 ന് ചൊവ്വയുടെ ഭ്രമണപഥത്തിലെത്തി ഇതുവരെ ആരും ചരിത്രം കുറിക്കാത്ത കാര്യമാണ് ISRO ചെയ്തത്. ബഹിരാകശത്ത് മാന്ത്രികത തെളിയിച്ച ഒന്നാണ് ഇന്ത്യൻ സ്പെയ്സ് റീസർച്ച് സെൻറ്റർ.

ബഹിരാകശത്ത് ഒരുപാട് മാന്ത്രികം കുറിച്ച ലെയ്ക്ക എന്ന നായ, യൂറിഗഗാറിൻ, രാകേഷ്ശർമ്മ, നീൽ ആംസ്ട്രോങ്ങ് പ്രണമിച്ച്......

.

e-magazine Kadachira High School

# കുന്നത്തൂർപ്പാടി യാത്ര

**അനുശ്രീ സി**

എനിക്ക് സന്തോഷം നിറഞ്ഞ ഒരു യാത്രയായിരുന്നു കുന്നത്തൂർപ്പാടിയിൽ മുത്തപ്പനെ കാണാൻ പോയത്. കുടുംബസമേതമായിരുന്നു യാത്രപോയത്. രാത്രിയിലായിരുന്നു അവിടെ പോയത്. വലിയ ടൂറിസ്റ്റ് ബസ്സിലായിരുന്നു യാത്ര പോയത്. എല്ലാവരും ബസ്സിൽ കയറി ഇരുന്നു. അതിനിടെ പാട്ടുവച്ചു. ഓരോ പേരായി ഡാൻസ് കളിക്കാൻ തുടങ്ങി. അതിൽ ഞാനും പങ്കെടുത്തു. കളിയും ചിരിയുമായുള്ള ഒരു യാത്രയായിരുന്നു അത്. അങ്ങനെ ഞങ്ങൾ കുന്നത്തൂർപ്പാടിയിൽ എത്തി. ചെറിയ തണുപ്പു വന്നു. കുറേ ഏറെ പടികൾ കയറണമായിരുന്നു. ആ പടികൾ ഞാൻ എങ്ങനെയോ കയറി. നല്ല രസമുണ്ടായിരുന്നു. അതിനു ശേഷം പാറകൾ കടക്കാൻ ഉണ്ടായിരുന്നു. വലിയ വലിയ പാറകൾ ഉണ്ടായിരുന്നു. അങ്ങനെ കുന്നത്തൂർ പാടിയിൽ എത്തി. മുറ്റത്തും ഏറെ ജനങ്ങൾ ഉണ്ടായിരുന്നു. നല്ല തണുപ്പ് ഉണ്ടായിരുന്നു. ആദ്യത്തെ തണുപ്പിനെക്കാൾ കൂടുതൽ ഉണ്ടായിരുന്നു. അങ്ങനെ മുത്തപ്പനെ കാണുകയും പൈസകൊടുക്കുകയും ചെയ്തു. അവിടെ നിന്ന് വീട്ടിലേക്ക് പുറപ്പെടുകയും ചെയ്തു. തണുപ്പ് കൊണ്ട് കാൽ നിലത്ത് വയ്ക്കാൻ പറ്റിയില്ല. എങ്ങനെയോ ബസ്സിനടുത്തെത്തി. ബസ്സിൽ കയറി. അതിനു ശേഷം കിടന്നുറങ്ങി. ഇങ്ങനെ ഒരു നല്ല യാത്രാനുഭവം ഞാൻ എന്നും മനസ്സിൽ ഓർമിക്കുന്നു. അങ്ങനെ ഒരു യാത്ര ഇനിയും വരാൻ.

e-magazine Kadachira High School

# രാജ്ഘട്ട് ... ഒരു യാത്രാനുഭവം

**അഭിനവ് സഞ്ജീവ്**

എന്റെ ഓർമ്മയിൽ വരുന്ന ഒരു സംഭവമാണ് രാജ്ഘട്ട് യാത്ര. കാടാച്ചിറ ഹയർ സെക്കന്ററി സ്കൂളിൽ 8ാം ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് എനിക്കതിന് അവസരം ലഭിച്ചത് . മഹാത്മാ മന്ദിരത്തിൽ വച്ചു നടന്ന ഒരു മത്സരത്തിൽ ഞാൻ സെലക്റ്റ് ചെയ്യപ്പെട്ടു. മെറ്റ്സ് ആയിരുന്നു ഞങ്ങൾക്ക് മത്സരം സംഘടിപ്പിച്ചത്. ഒരു വർഷം നീണ്ടു നിന്ന ക്ലാസുകൾക്കും ക്വിസ് മത്സരങ്ങൾക്കും ഒടുവിൽ ജില്ലയിലെ സെലക്ട് ചെയ്യപ്പെട്ട 30 കുട്ടികളിൽ ഞാനുമുണ്ടായിരുന്നു. ഞങ്ങളുടെ സ്കൂളിലെ ആദിത്യയ്ക്കും സെലക്ഷൻ കിട്ടി. അങ്ങനെ ഡൽഹിയിലെ രാജ്ഘട്ടിലേക്ക് ഒരു സന്ദർശനം നടത്താൻ ഞങ്ങൾക്ക് ഭാഗ്യമുണ്ടായി. വളരെ ഓർമ്മിക്കത്തക്കതായിരുന്നു ആ യാത്ര . സുനിൽകുമാർ സാർ (മാതൃഭൂമി ലേഖകൻ ) ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. വേറെയും കുറെ നല്ല അധ്യാപകർ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നു. ആ യാത്രയ്ക്കിടയിൽ തീവണ്ടിയിലിരുന്നുകൊണ്ട് കുറെ കാഴ്ചകളും, മാറ്റങ്ങളും, തിരക്കുകളും, മാലിന്യങ്ങളും, പ്രകൃതിഭംഗിയും തിരിച്ചറിഞ്ഞത് ഡൽഹിയിലെത്തിയപ്പോൾ അതൊരു അൽഭുതം തന്നെയായിരുന്നു. രാജ്ഘട്ടിനു പുറമേ ഇന്ധിരാഭവനും, അക്ഷർധാമും, ബിർളാമന്ദിരും അവിസ്മരണീയ അനുഭവങ്ങൾ സമ്മാനിച്ചു. ഒരുപാട് കൂട്ടുകാരും രക്ഷിതാക്കളും അധ്യാപകരുമൊക്കെ ചേർന്ന ആ യാത്രയിൽ ജീവിതത്തിന്റെ പലകാര്യങ്ങളും തിരിച്ചറിയാൻ കഴിഞ്ഞു. എല്ലാ പ്രോത്സാഹനവും തന്ന അച്ഛനമ്മമാർ അവരേയും ഞാൻ സ്നേഹത്തോടെ ഓർക്കുകയാണ് . ജീവിതത്തിൽ നഷ്ടപ്പെട്ട് പരിശ്രമിച്ച് പലതും നേടിയെടുക്കുമെന്നും അത്തരം നല്ല അനുഭവങ്ങൾക്കുവേണ്ടി നമ്മൾ കഠിനപരിശ്രമം ചെയ്യേണ്ടതുമാണ് .

>>>>>><<<<<<

e-magazine Kadachira High School